# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1946 — 17.12.2012-ൽ മറുപടിയ്ക്ക്

### സ്വകാര്യഭൂമിയിലെ തടി ഉൽപ്പാദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, അൻവർ സാദത്ത്<br>,, വി. ഡി. സതീശൻ<br>,, എം. പി. വിൻസെന്റ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സ്വകാര്യഭൂമിയിലെ തടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഭൂഉടമകൾക്ക് അധിക വരുമാനം ലഭ്യമാക്കാനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | സ്വകാര്യഭൂമിയിലെ തടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഭൂവുടമകൾക്ക് അധിക വരുമാനം ലഭ്യമാക്കാനും വേണ്ടി ഇൻസന്റീവൈസേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്ട്രി എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| ബി) | ഏതെല്ലാം ഇനം മരങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;വിശദാംശം നൽകുമോ; | ബി) | പ്ലാവ്, ആഞ്ഞിലി, മഹാഗണി, ഈട്ടി തേക്ക്, ചന്ദനം, കമ്പകം, കുമ്പിൾ, കന്നിവാക, തേമ്പാവ് എന്നീ 10 ഇനം മരങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| സി) | സാധാരണയായി ഉപയോഗിക്കുന്ന തടിയിനങ്ങളുടെ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | സി) | ഈ പദ്ധതി പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന 10 ഇനം മരങ്ങൾ സാധാരണയായി ഉപയോഗിക്കുന്നവയാണ്. ഈ പദ്ധതി വഴി തടി ലഭ്യതയിൽ സ്വയം പര്യാപ്തത ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഡി) | ഈ പദ്ധതി വഴി ഉടമകൾക്ക് എന്തെല്ലാം ധനസഹായമാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ? | ഡി) | താഴെപ്പറയുന്ന ധനസഹായമാണ് ഈ പദ്ധതി വഴി നൽകാനുദ്ദേശിക്കുന്നത്; നൽകുന്നത്.<br><br>സ്വകാര്യ ഭൂമിയിൽ 50 മുതൽ 200 വരെ<br><br>തൈകൾ വച്ച് പിടിപ്പിക്കുന്നതിന് തൈ ഒന്നിന് 50 രൂപ നിരക്കിലും 201 മുതൽ 400 വരെ തൈകൾക്ക് ഒന്നിന് 40 രൂപ നിരക്കിലും 401 മുതൽ 625 വരെ തൈകൾക്ക് ഒന്നിന് 30 രൂപ നിരക്കിലുമാണ് നൽകുന്നത്. അർഹതപ്പെട്ട തുകയുടെ 50% ഒന്നാം വർഷവും ബാക്കി 50% മൂന്നാം വർഷവുമാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ